# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 554 - 19.03.2013-ലെ മറുപടിക്ക്

## ധനവിനിയോഗ നിരീക്ഷണ സമിതിയുടെ ശുപാർശകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. ദിവാകരൻ<br>ശ്രീ. പി. തിലോത്തമൻ<br>ശ്രീ. ജി. എസ്. ജയലാൽ<br>ശ്രീ. കെ. രാജു | ശ്രീ. കെ. എം. മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് നികുതി വെട്ടിപ്പിലും, കിട്ടേണ്ട നികുതികൾ എഴുതി തള്ളിയ വകയിലുമായി ഖജനാവിനുണ്ടായ നഷ്ടം കഴിഞ്ഞ രണ്ടു വർഷത്തിനിടയിൽ എത്രയാണെന്ന് വ്യക്തമാക്കുമോ; | സംസ്ഥാനത്ത് നികുതി വെട്ടിപ്പിനെ സംബന്ധിച്ചുള്ള കണക്കുകൾ വ്യക്തമായി തിട്ടപ്പെടുത്തിയിട്ടില്ല. എന്നാൽ നികുതിവെട്ടിപ്പ് തടയുന്നതിനായി ചെക്ക് പോസ്റ്റുകളുടെ നവീകരണം, നികുതിമേൽനോട്ട സമിതിയുടെയും വിലനിരീക്ഷണ സമിതിയുടെയും രൂപീകരണം, എക്സൈസ് എൻഫോഴ്സ്മെന്റിന്റെ ശക്തിപ്പെടുത്തൽ തുടങ്ങിയ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കഴിഞ്ഞ രണ്ട് വർഷത്തിനിടയിൽ ഭൂനികുതിയിനത്തിൽ എഴുതിത്തള്ളിയ വകയിലും തുക പുനഃക്രമീകരിച്ച വകയിലും 11.47 കോടി രൂപയും, റവന്യൂ റിക്കവറി നടപടികൾ റിക്വിസിഷൻ അതോറിട്ടീസ് എഴുതിത്തള്ളിയ വകയിലും കുടിശ്ശിക തുക പുനഃക്രമികരിച്ച വകയിലും 736.14 കോടി രൂപയും വരേണ്ട തുക പൊതുഖജനാവിന് ലഭ്യമാകാതെ പോയിട്ടുണ്ട്. |
| (ബി) മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിലെ ആളോഹരി കട ബാദ്ധ്യത എത്രയാണെന്ന് വെളിപ്പെടുത്തുമോ; | കേരളത്തിന്റെ ആളോഹരി കടബാധ്യത 31.01.2011-ൽ 23553.89 രൂപയാണ്. സംസ്ഥാനത്തിന്റെ ആളോഹരി കടം മൊത്തം സംസ്ഥാനങ്ങളുടെ ശരാശരി ആളോഹരി കടമായ 13270.40 രൂപയേക്കാൾ കൂടുതലാണ്. എല്ലാ സംസ്ഥാനങ്ങളുടെയും ആളോഹരി കടബാധ്യത സംബന്ധിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) എല്ലാ വർഷവും സംസ്ഥാന ബഡ്ജറ്റിനോടൊപ്പം കടങ്ങളുടെ ഘടനയും കടമെടുത്ത തുകകളുടെ വിനിയോഗവും സംബന്ധിച്ച രേഖ കൂടി സമർപ്പിക്കണമെന്ന് ധനവിനിയോഗ നിരീക്ഷണ സമിതിയുടെ ശുപാർശയുണ്ടായിട്ടുണ്ടോ; എങ്കിൽ, ഈ ശുപാർശകൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ? | മൂന്നാം പൊതുവ്യയ അവലോകന സമിതിയുടെ 2012 ഡിസംബറിലെ ഒന്നാം റിപ്പോർട്ടിൽ ഇത് സംബന്ധിച്ച ശുപാർശകൾ നടത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം

**Per capita debt of all States**

| | *In crore* | | (In Rs) |
|---|---|---|---|
| **States** | **Debt as on 31.03.2011** | **Population** | **Per Capita debt** |
| Andhra Pradesh | 120490 | 8.47 | 14225.50 |
| Arunachal Pradesh | 3030 | 0.14 | 21642.86 |
| Assam | 25500 | 3.12 | 8173.08 |
| Bihar | 57410 | 10.38 | 5530.83 |
| Chhattisgarh | 12960 | 2.55 | 5082.35 |
| Delhi | 30140 | 1.68 | 17940.48 |
| Goa | 8070 | 0.15 | 53800.00 |
| Gujarat | 119340 | 6.04 | 19758.28 |
| Haryana | 41250 | 2.54 | 16240.16 |
| Himachal Pradesh | 24760 | 0.69 | 35884.06 |
| Jammu & Kashmir | 27120 | 1.25 | 21696.00 |
| Jharkhand | 24260 | 3.3 | 7351.52 |
| Karnataka | 72060 | 6.11 | 11793.78 |
| ***Kerala*** | ***78670*** | ***3.34*** | ***23553.89*** |
| Madhya Pradesh | 66560 | 7.26 | .9168.04 |
| Maharashtra | 182190 | 11.24 | 16209.07 |
| Manipur | 4600 | 0.27 | 17037.04 |
| Meghalaya | 3410 | 0.3 | 11366.67 |
| Mizoram | 3770 | 0.11 | 34272.73 |
| Nagaland | 4940 | 0.2 | 24700.00 |
| Odisha | 39170 | 4.19 | 9348.45 |
| Punjab | 69580 | 2.77 | 25119.13 |
| Rajasthan | 91090 | 6.86 | 13278.43 |
| Sikkim | 2350 | 0.06 | 39166.67 |
| TamilNadu | 101280 | 7.21 | 14047.16 |
| Tripura | 5760 | 0.37 | 15567.57 |
| Uttarakhand | 18550 | 1.01 | 18366.34 |
| Uttar Pradesh | 185160 | 19.96 | 9276.55 |
| Paschimbangal | 175440 | 9.13 | 19215.77 |
| Puducherry | 4420 | 0.12 | 36833.33 |
| **All States** | **1603330** | **120.82** | **13270.40** |